## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 4545

28/06/2013-ൽ
മറുപടിയ്ക്ക്

### ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന് | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) പശ്ചിമഘട്ട ത്വരിത വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദ വിവരം നൽകാമോ; | എ) പശ്ചിമഘട്ട പ്രദേശത്തെ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് പശ്ചിമഘട്ടവികസന പദ്ധതി. 90% കേന്ദ്ര സർക്കാർ വിഹിതവും 10% സംസ്ഥാന സർക്കാർ വിഹിതവുമായാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. |
| (ബി) ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ ഈ പദ്ധതികളുടെ നടത്തിപ്പിനെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ? | (ബി) ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്ന മൂന്ന് തലത്തിലുള്ള പരിസ്ഥിതിലോല മേഖലകളിൽ ഏർപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ള നിയന്ത്രണങ്ങളോ, നിരോധനങ്ങളോ ബാധകമാകുന്ന തരത്തിലുള്ള ഏതെങ്കിലും പദ്ധതികൾ നിലവിൽ നടപ്പാക്കുന്നുണ്ടെങ്കിൽ, പ്രസ്തുത ശുപാർശകളും, അതാത് മേഖലകളിലെ പ്രത്യേക നിയന്ത്രണങ്ങളും, നിരോധനങ്ങളും കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ച് അതുപ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന പക്ഷം അതാതു സംഗതികളിൽ ബാധകമാകുന്നതാണ്. ജനിത കമാറ്റം വരുത്തിയ വിളകൾ, ഭൂവിനിയോഗം, കെട്ടിട നിർമ്മാണം, |

മാലിന്യനിർമ്മാർജ്ജനം, ഖനനം, മലിനീകരണം ഉണ്ടാക്കുന്ന വ്യവസായങ്ങൾ, ജലവൈദ്യുത പദ്ധതികൾ, ജലസേചന പദ്ധതികൾ, റെയിൽവേ, ടൂറിസം എന്നീ മേഖലകളിലാണ് ടി കമ്മിറ്റി മുഖ്യമായും കർക്കശ നിയന്ത്രണങ്ങളും, വ്യവസ്ഥകളും ശുപാർശ ചെയ്തിട്ടുള്ളത്.

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരിക്കുന്നതനുസരിച്ച് നല്ല ഭരണവ്യവസ്ഥ, സുതാര്യത, അധികാര വികേന്ദ്രീകരണം, സാമ്പത്തിക വളർച്ച, പ്രകൃതിക്ക് കോട്ടം വരാത്ത പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണം എന്നിവയ്ക്ക് പശ്ചിമഘട്ട മാർഗ്ഗ രേഖയിൽ മുൻതൂക്കം നൽകിയിട്ടുണ്ട്. ഗാഡ്ഗിൽ റിപ്പോർട്ടിലെ ഇ എസ് ഇസഡ് I-ൽ (ഇക്കോളജിക്കലി സെൻസിറ്റീവ് സോൺ-I) ഉൾപ്പെടുത്തിയിട്ടുള്ള ഭാഗങ്ങൾ പലതും പശ്ചിമഘട്ട നീർത്തട അറ്റ്ലസിന്റെ മുന്തിയ പരിഗണനയിൽ ഉള്ളതും നീർത്തട സംരക്ഷണം നടത്തിയിട്ടുള്ള പ്രദേശങ്ങളുമാണ്. മറ്റു പ്രദേശങ്ങൾ മാത്രമേ സംയോജിത നീർത്തട പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ അവശേഷിക്കുന്നുള്ളൂ. വന സംബന്ധമായിട്ടുള്ള പ്രവർത്തനങ്ങൾ പശ്ചിമഘട്ട വികസന പദ്ധതിയിൽ നടപ്പിലാക്കിവരുന്നു. കേരള വനം വികസന കോർപ്പറേഷനും വനം വകുപ്പുമാണ് ഇവ നടപ്പിലാക്കുന്നത്. ആയതിനാൽ വനപ്രദേശങ്ങളിൽ മറ്റു ജനങ്ങളുടെ ഇടപെടലുകൾക്ക് അവസരം നൽകുന്നില്ല. ആയതിനാൽ ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ ഈ പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കുന്നില്ല.

Bijumon

സെക്ഷൻ ഓഫീസർ